തുഞ്ചത്ത് എഴുത്തച്ഛൻ
**മലയാളസർവ്വകലാശാല**
വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

നം. 261/2024/ഡി3/അഡ്മിൻ. 12.02.2025

## കാന്റീൻ നടത്തിപ്പിനുള്ള ദർഘാസ് നോട്ടീസ് ദീർഘിപ്പിക്കൽ

**തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല കാമ്പസിലെ കാന്റീൻ ഒരു വർഷത്തേക്ക് ഏറ്റെടുത്തു നടത്തുന്നതിന് കാന്റീൻ/ഹോട്ടൽ/കാറ്ററിങ് എന്നിവ നടത്തി പരിചയമുളള വ്യക്തികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും സീൽ ചെയ്ത ദർഘാസുകൾ ക്ഷണിക്കുന്നു.**

ഭക്ഷണ പദാർത്ഥങ്ങളുടെ ഇന വിവരം, അളവ്,തൂക്കം,വില തുടങ്ങിയവ ദർഘാസിനോടനുബന്ധമായി നൽകിയ നിശ്ചിത മാതൃകയിൽ സമർപ്പിക്കേണ്ടതാണ്.

നിരതദ്രവ്യമായി 5,000/- രൂപയുടെയും, അപേക്ഷാഫീസായി 500/- രൂപയുടെയും തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ പേരിൽ എസ്.ബി.ഐ, തിരൂർ ടൗൺ ബ്രാഞ്ചിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റുകൾ ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. തുക സർവകലാശാല ഓഫീസിൽ നേരിട്ടും ഓൺലൈനായും അടയ്ക്കാവുന്നതാണ്.

ഹോട്ടൽ /കാന്റീൻ/കാറ്ററിംഗ് ഏറ്റെടുത്ത് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ പരിചയ സാക്ഷ്യപത്രം, ആദായ നികുതി വകുപ്പ് നൽകുന്ന പാൻ കാർഡിന്റെ കോപ്പി, ഫുഡ് ലൈസൻസ് അനുമതിപത്രത്തിന്റെ കോപ്പി, നിരതദ്രവ്യം, അപേക്ഷ ഫീസ് എന്നിവ അടങ്ങിയ ദർഘാസ് തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല വാക്കാട്, പറവണ്ണ, തിരൂർ- 676502 എന്ന വിലാസത്തിൽ **2025 ഫെബ്രവരി 19ാം തിയ്യതി രാവിലെ 11 മണിക്കകം** ലഭിച്ചിരിക്കേണ്ടതാണ്.

ദർഘാസുകൾ 2025 ഫെബ്രവരി 19ാം തിയ്യതി 3 മണിക്ക് തുറക്കുന്നതും ഏറ്റവും കുറവ് സംഖ്യ ക്വാട്ടു ചെയ്യുന്ന വ്യക്തിക്ക് ഒരു വർഷത്തേക്ക് കാന്റീൻ ഏറ്റെടുത്തു നടത്തുന്നതിനുളള ചുമതല നൽകുന്നതുമായിരിക്കും. കുടുംബശ്രീ യൂണിറ്റ്, വനിതാസംരംഭകർ, സഹകരണസംഘങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകുന്നതാണ്.കാന്റീൻ ഏറ്റെടുത്തു നടത്തിപ്പു ലഭിക്കുന്ന വ്യക്തി, സർവകലാശാല ആവശ്യപ്പെടുന്ന തിയ്യതി മുതൽ സർവകലാശാല നിഷ്ക്കർഷിക്കുന്ന നിബന്ധനകൾക്ക് വിധേയമായി കരാർ ഒപ്പിട്ട് കാന്റീൻ തുറന്ന് പ്രവർത്തിപ്പിക്കേണ്ടതാണ്.

ദർഘാസുകൾ സ്വീകരിക്കുന്നതിനോ, കാരണമൊന്നും കാണിക്കാതെ നിരസിക്കുന്നതിനോ ഉളള തീരുമാനം വൈസ് ചാൻസലറിൽ നിക്ഷിപ്തമായിരിക്കും.

ദർഘാസ് അപേക്ഷ ഫോം, ഭക്ഷണ പദാർത്ഥങ്ങളുടെ ഇന വിവരപട്ടിക എന്നിവ സർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾക്ക് ഓഫീസിൽ നേരിട്ടോ, 0494-2631230 എന്ന നമ്പറിലോ, www.malayalamuniversity.edu.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെട്ടാൽ ലഭിക്കുന്നതാണ്.

രജിസ്ട്രാർ-ഇൻ- ചാർജ്ജ്

വി.സി. കാര്യാലയം/മലയാളസർവകലാശാല വെബ്സൈറ്റ്/ ഐ.ക്യു.എ.സി
ഫിനാൻസ്/എസ്റ്റേറ്റ് ഓഫീസർ/മലയാള സർവകലാശാല ഓഫീസ് നോട്ടീസ് ബോർഡ്/
തിരൂർ മുനിസിപ്പാലിറ്റി ഓഫീസ്/വെട്ടം ഗ്രാമപഞ്ചായത്ത് ഓഫീസ്/
നിറമരുതൂർ പഞ്ചായത്ത് ഓഫീസ്/ഓഫീസ് രേഖ/കരുതൽ രേഖ